# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 6324 | 08.07.2014-ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ കുബേരയുടെ ഭാഗമായിട്ടുള്ള നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ജെയിംസ് മാത്യു | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി അറസ്റ്റ് ചെയ്യപ്പെട്ട ഡി.സി.സി. മുൻ അംഗം ശശീന്ദ്രബാബുവിന്റെ കൈവശം ഉണ്ടായിരുന്ന എന്തെല്ലാം രേഖകളും മറ്റ് വസ്തുക്കളുമാണ് പോലീസ് റെയിഡിൽ പിടിച്ചെടുത്തതെന്ന് വ്യക്തമാക്കാമോ;

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി അറസ്റ്റ് ചെയ്യപ്പെട്ട ഡി.സി.സി മുൻ അംഗം ശശീന്ദ്രബാബുവിന്റെ കൈവശം ഉണ്ടായിരുന്ന പിടിച്ചെടുത്ത വസ്തുക്കളുടെയും, രേഖകളുടെയും വിവരം ചുവടെ ചേർക്കുന്നു.

1. വിവിധ ബാങ്കുകളുടെ തുക എഴുതിയും, എഴുതാത്തതുമായി 12 ചെക്കുകൾ.
2. 100 രൂപയുടെ ഒപ്പ് രേഖപ്പെടുത്തിയ 5 മുദ്രപത്രങ്ങൾ
3. വെള്ളപേപ്പറിൽ റവന്യൂ സ്റ്റാമ്പ് ഒട്ടിച്ച് ഒപ്പിട്ട 5 ബ്ലാങ്ക് പേപ്പറുകൾ
4. ശശീന്ദ്ര ബാബുവിന്റെ പേരിൽ എഗ്രിമെന്റ് എഴുതി ഒപ്പിട്ട മൂന്ന് എഗ്രിമെന്റ് പത്രങ്ങൾ
5. റവന്യൂ സ്റ്റാമ്പ് ഒട്ടിച്ച് ഒപ്പിടാത്ത രണ്ട് ബ്ലാങ്ക് വെള്ള പേപ്പറുകൾ
6. KL 02 L 634, KL 23 D 1160 എന്നീ വാഹനങ്ങളുടെ RC Book.
7. വിവിധ ആളുകളുടെ പേരിലുള്ള 13 പ്രമാണങ്ങളുടെ കോപ്പികൾ

ഇതു കൂടാതെ മേൽ പറഞ്ഞ രേഖകൾ സൂക്ഷിച്ച് വച്ചിരുന്ന ഒരു പ്ലാസ്റ്റിക് ഫയൽ ബാഗും കണ്ടെടുത്തിട്ടുണ്ട്.

(ബി) ടിയാനോ ടിയാന്റെ സഹായികൾക്കോ മറ്റേതെങ്കിലും കേസ്സുമായി ബന്ധമുണ്ടെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ടിയാനോ, ടിയാന്റെ സഹായികൾക്കോ താഴെ പറയുന്ന കേസ്സുകളുമായി ബന്ധമുണ്ടെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

1. കൊല്ലം ഈസ്റ്റ് PS ക്രൈം നം. 2052/13, 1255/14.
2. കൊല്ലം വെസ്റ്റ് PS ക്രൈം നം. 840/13.
3. കിളികൊല്ലൂർ PS ക്രൈം.നം. 779/14.
4. ഇരവിപുരം PS ക്രൈം നം. 839/14& 843/14

(സി) ടിയാനുമായി ബന്ധപ്പെട്ട ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(സി) ടിയാനുമായി ബന്ധപ്പെട്ട മറ്റ് ആരേയും അറസ്റ്റ് ചെയ്തിട്ടില്ല.

സെക്ഷൻ ഓഫീസർ